മലയാള മനോരമ
ESTABLISHED 1888
25 August 2017

വരുമാനം ഇരട്ടിയാക്കാൻ കർഷകർ ഓൺലൈൻ വിപണനത്തിലേക്കു മാറണം

ഇ–നാം ഏകീകൃത വിപണിയിലൂടെ ഇടനിലക്കാരെ ഒഴിവാക്കാം

സിഎംഎഫ്ആർഐയിൽ നടന്ന കാർഷിക വികസന പദ്ധതി വിശദീകരണ പരിപാടിയിൽ കെ.വി. തോമസ് എംപി നവഭാരത രൂപതിജ്ഞ ചൊല്ലിക്കൊടുക്കുന്നു.

സ്വന്തം ലേഖകൻ

കൊച്ചി • വരുമാനം ഇരട്ടിയാക്കാൻ ഇടനിലക്കാരെ ഒഴിവാക്കി കർഷകർ ഓൺലൈൻ വിപണന സംവിധാനത്തിലേക്കു നീങ്ങണമെന്നു നിർദേശം. കർഷകരുടെ വരുമാനം ഇരട്ടിയാക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ ഏഴിന കർമപരിപാടിയിലാണ് ഈ നിർദേശമുള്ളത്. കർമപരിപാടിയുടെ ജില്ലാതല പ്രഖ്യാപനം ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ (ഐസിഎആർ) അസി. ഡയറക്ടർ ജനറൽ ഡോ. പ്രവീൺ പുത്ര നിർവഹിച്ചു. കെ.വി. തോമസ് എംപി ചടങ്ങ് ഉദ്ഘാടനം ചെയ്തു

കേന്ദ്രം ആവിഷ്കരിച്ച കാർഷിക വിപണന സംവിധാനമായ ഇ-നാം പദ്ധതിയിലൂടെ 455 വിപണന കേന്ദ്രങ്ങൾ ബന്ധിപ്പിച്ചിട്ടുണ്ട്. ഏകീകൃത ദേശീയ വിപണിയായ ഇ-നാം ഉപയോഗിക്കുന്നതിലൂടെ ഇടനിലക്കാരിലൂടെയുള്ള നഷ്ടം ഒഴിവാക്കി കൂടുതൽ വിലലഭിക്കും. കാലാവസ്ഥ വ്യതിയാനം, കമ്പോള നിലവാരം, വിള സംരക്ഷണം തുടങ്ങിയവയെക്കുറിച്ചുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്ന മൊബൈൽ, ഇന്റർനെറ്റ് സേവനങ്ങൾ പ്രയോജനപ്പെടുത്തണമെന്നും നിർദേശമുണ്ട്.

കാർഷിക നഷ്ടങ്ങൾ കുറയ്ക്കുന്നതിനായുള്ള പ്രധാനമന്ത്രി ഫസൽ ഭീമാ യോജന പദ്ധതിയിലൂടെ വായ്പാ ഇൻഷുറൻസ് പരിരക്ഷ എല്ലാ കർഷകരും ഉറപ്പാക്കണം. വരുമാനം വർധിപ്പിക്കുന്നതിനു ചെലവു കുറഞ്ഞ ജൈവ കൃഷി പിന്തുടരണം.

ജലസേചനത്തിനും മണ്ണിന്റെ ഗുണനിലവാരം നിലനിർത്തുന്നതിനുമുള്ള പ്രധാൻമന്ത്രി കൃഷി സിഞ്ചായ് യോജന പദ്ധതി ജില്ലയിൽ നടപ്പിലാക്കണം. സംയോജിത കൃഷിരീതികൾക്കും ഊന്നൽ നൽകണം.

കൃഷി, പാലുൽപാദനം, കോഴി വളർത്തൽ, തേനീച്ച വളർത്തൽ, മത്സ്യബന്ധനം, മൽസ്യകൃഷി എന്നിവയുടെ സംയോജിത പ്ര വർത്തന പദ്ധതികൾ വരുമാ വർധനവിനു സഹായകരമാക വിളവെടുപ്പിനു ശേഷം ആ മാസം വരെ ഉൽപന്നങ്ങൾ ക്ഷിക്കുന്നതിനുള്ള സംഭരണ ലകൾ ഒരുക്കാൻ കുറഞ്ഞ പ ശ നിരക്കിലുള്ള വായ്പാപ തികൾ കർഷകർ പ്രയോജ പ്പെടുത്തണമെന്നും കർമരേ യിൽ നിർദേശിക്കുന്നു. സിഎ ഫ്ആർഐ ഡയറക്ടർ ഡോ.പ ഗോപാലകൃഷ്ണൻ അധ്യക നായി. ഡോ ഷിനോജ് സുബ്രഹ ണ്യൻ, ഡോ.എൻ. അശ്വതിഎന വർ പ്രസംഗിച്ചു.